**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** — **23-08-2022 - ൽ മറുപടിയ്ക്ക്**

**മരുന്ന് സംഭരണത്തിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം രൂക്ഷമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചില മരുന്നുകൾക്ക് ലഭ്യതക്കുറവ് നേരിട്ടിരുന്നു. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗത്തിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായി. രണ്ട് വർഷത്തോളം മിക്ക ആശുപത്രികളും പൂർണ്ണമായി കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചു. കോവിഡ് ആശുപത്രികളായി പ്രവർത്തിച്ചിരുന്നയിടങ്ങളിൽ കോവിഡേതര മരുന്നുകളുടെ ഉപഭോഗം ഇക്കാലഘട്ടത്തിൽ കുറവായിരുന്നു. അതുകൊണ്ടു തന്നെ 2020-21, 2021-22 വർഷങ്ങളിൽ സംഭരിച്ച ജനറിക് മരുന്നുകൾ പല ആശുപത്രികളിലും സംഭരണ കേന്ദ്രങ്ങളിലും സ്റ്റോക്കുണ്ടായിരുന്നു. കോവിഡിനെ തുടർന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായി. പനി, മൂക്കടപ്പ്, ചുമ മുതലായവയ്ക്കുള്ള മരുന്നുകൾ വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന സാഹചര്യം ഉണ്ടായി. ആശുപത്രികൾ നൽകുന്ന ഇൻഡന്റിലും ഈ ഏറ്റക്കുറച്ചിലുകൾ പ്രതിഫലിക്കപ്പെട്ടു. ഈ സാഹചര്യം വിലയിരുത്തി പ്രസ്തുത മരുന്നകൾ ലഭ്യമായ മറ്റ് ജില്ലകളിലെ സ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷന്റെ ജില്ലാ മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും കൈമാറ്റ പ്രക്രിയയിലൂടെ ടി ഇനങ്ങൾക്ക് കുറവ് നേരിട്ട ജില്ല / സ്ഥാപനങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇതു കൂടാതെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, സമാന കോർപ്പറേഷൻ മുഖേനയും മരുന്നുകൾ സംഭരിച്ചു നൽകിയിട്ടുണ്ട്. വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | മരുന്ന് ക്ഷാമം സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് | (ബി) | മരുന്നുകളുടെ ലഭ്യതക്കുറവ് ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടില്ല**.** ചില |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | മരുന്നുകളുടെ ലഭ്യതക്കുറവ് പരിഹിക്കുവാൻ ഡയറക്ടറേറ്റ് തലത്തിലും, ജില്ലാ തലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫറും, ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫറും, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേനയും, മറ്റു സമാന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ വിവിധ സ്കീമുകൾ വഴി മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | മരുന്ന് സംഭരണത്തിന്റെ ചുമതലയുള്ള കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ടെൻഡർ നടപടികൾ മൂന്ന് മാസത്തോളം വൈകിയതിനെ തുടർന്നാണ് മരുന്ന് സംഭരണത്തിൽ പ്രശ്നങ്ങൾ ഉണ്ടായത് എന്നത് വസ്തുതയാണോ; | (സി) | 2022-23 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിനായുള്ള ദർഘാസ് 04.12.2021-ന് ക്ഷണിച്ച് 2022 മേയ് മാസത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിതരണാനുമതി നല്കിയിരുന്നു. പർച്ചേസ് ഓർഡർ ലഭിച്ച് 70 ദിവസത്തിനകം മരുന്ന് ലഭ്യമാക്കണമെന്നാണ് മാനദണ്ഡം. ഒരു സാമ്പത്തിക വർഷം ലഭ്യമാക്കിയ മരുന്നുകൾ ആ സാമ്പത്തിക വർഷം കഴിഞ്ഞ് ആഗസ്റ്റ് വരെ ഉപയോഗത്തിന് ലഭ്യമാകാറുണ്ട്. |
| (ഡി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ഏത് തീയതിയിലാണ് മരുന്ന് ലഭ്യമാക്കാനുള്ള ടെൻഡറുകൾ വിളിച്ചത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ഡി) | 2022-23 സാമ്പത്തിക വർഷത്തെ മരുന്നു സംഭരണത്തിന് ഇ-ടെണ്ടർ മുഖേന, 04.12.2021 നാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസ് ക്ഷണിച്ചത്. |

സെക്ഷൻ ഓഫീസർ